3. ഹൈക്കോടതി :

2012-13 സാമ്പത്തിക വർഷത്തിൽ ഗ്രാമ ന്യായാലയങ്ങളുടെ രൂപീകരണം, സ്റ്റേറ്റ് ലിറ്റിഗേഷൻ പോളിസി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പത്ത് കർമ്മ പദ്ധതികൾ എന്നിവ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. 2013-14 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ചങ്ങനാശ്ശേരിയിലെ കോർട്ട് കോംപ്ലക്സ് നിർമ്മാണം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഇരിങ്ങാലക്കുടയിലെ കോർട്ട് കോംപ്ലക്സ് നിർമ്മാണം ഇതുവരെ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

2012-13 സാമ്പത്തിക വർഷത്തിൽ ഗ്രാമ ന്യായാലയങ്ങളുടെ രൂപീകരണത്തിനായി 5,49,89,000 രൂപ ഗ്രാന്റ് അനുവദിച്ചെങ്കിലും ഈ തുക ചെലവഴിച്ചിട്ടില്ല. പ്രസ്തുത തുക സറണ്ടർ ചെയ്തിട്ടുണ്ട്.

2013-14 സാമ്പത്തിക വർഷത്തിലെ ചങ്ങനാശ്ശേരിയിലെ കോർട്ട് കോംപ്ലക്സ് നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കുകയും ഒരു കോടി രൂപ അനുവദിക്കുകയും ചെയ്തു. ഈ തുക ചെലഴിച്ചിട്ടില്ല.

2014-15 സാമ്പത്തിക വർഷത്തിൽ ഇരിങ്ങാലക്കുടയിലെ കോർട്ട് കോംപ്ലക്സ് നിർമ്മാണത്തിനായി 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

വിശ്വസ്തതയും സുതാര്യതയുമുള്ള ഭരണം

34 (1898) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണത്തിൽ കൂടുതൽ വിശ്വസ്തതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി എന്തെല്ലാം കർമ്മപരിപാടികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത് ;

(ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി ഒരു പ്രോസ്പണൽ പോളിസി രൂപീകരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ ;

(സി) ആയതിനായി എന്തെല്ലാം പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇ-ഗവേണൻസിലൂടെയും വെബ് ടെലികാസ്റ്റിംഗിലൂടെയും 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററിലൂടെയും ജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട് നടത്തിയ ജനസമ്പർക്ക പരിപാടിയിലൂടെയും ഭരണത്തിൽ വിശ്വസ്തതയും സുതാര്യതയും ഉറപ്പുവരുത്താനാകുന്നുണ്ട്. വിഷൻ 2030, സേവനാവകാശ നിയമം തുടങ്ങിയവയും ഈ ലക്ഷ്യത്തോടെ ആവിഷ്കരിച്ചതാണ്. അതുപോലെ പൊതുജനങ്ങൾക്ക് സേവനങ്ങൾ തടസ്സം കൂടാതെ ലഭിക്കുന്നതിന് വിവരസാങ്കേതികവിദ്യയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ വിവിധ വകുപ്പുകളിൽ വ്യാപകമായി നടത്തിവരുന്നു. എല്ലാ ജില്ലകളെയും ഇ-ഡിസ്ട്രിക്ട് ആക്കുന്നതിനും നടപടി തുടങ്ങി കഴിഞ്ഞു. കേരളത്തെ സമ്പൂർണ്ണ ഡിജിറ്റൽ സ്റ്റേറ്റ് ആക്കുവാനാണ് ഉദ്ദേശിക്കുന്നത്. വിവരാവകാശ നിയമം കർശനമായി പ്രാവർത്തികമാക്കുന്നതിൽക്കൂടിയും വിശ്വസ്തതയും സുതാര്യതയും ഉറപ്പുവരുത്താൻ കഴിയുന്നുണ്ട്. വിവരാവകാശ നിയമപ്രകാരം അപേക്ഷയും ഫീസും ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള നടപടിയെടുത്തുവരുന്നുണ്ട്. ഇങ്ങനെ സർക്കാരിന്റെ വിവിധ പദ്ധതികളിലൂടെയും നിയമനിർമ്മാണത്തിലൂടെയും ഭരണത്തിൽ വിശ്വസ്തതയും സുതാര്യതയും കൈവരിക്കാനാകുമെന്ന് കരുതുന്നു.

(ബി&സി) ഇതുസംബന്ധിച്ച ശിപാർശകളൊന്നും നിലവിലില്ല.

മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവർ നടത്തിയ വിദേശയാത്രകളുടെ വിവരം

35 (1899) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവരിൽ ആരെല്ലാം നടത്തിയ വിദേശയാത്രകളുടെ കണക്കുകളാണ് നാളിതുവരെ തീർപ്പാക്കാത്തതെന്നു വ്യക്തമാക്കുമോ ; ഏതെല്ലാം വിദേശയാത്രകളുടെ കണക്കുകളാണ് ഇത്തരത്തിൽ തീർപ്പാക്കുവാൻ ബാക്കിയുള്ളതെന്നും വ്യക്തമാക്കുമോ ; വെളിപ്പെടുത്താമോ ;

(ബി) വിദേശ യാത്രയ്ക്ക് മുൻകൂർ വാങ്ങിയ തുകയിൽ മിച്ചം വന്ന തുക തിരിച്ചടച്ചിട്ടില്ലാത്ത ആരെങ്കിലും ഉണ്ടോ ; എങ്കിൽ, ആരെല്ലാമാണെന്നും എത്ര തുക വീതം തിരികെ നൽകേണ്ടതുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) നാളിതുവരെ ഓരോ മന്ത്രിക്കും ചീഫ് വിപ്പിനും വിദേശയാത്ര നടത്തിയ ഇനത്തിൽ ഖജനാവിൽ നിന്ന് ചെലവായ തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?